(ബി) മാനന്തവാടി താലൂക്കിൽപ്പെട്ട പേരിയ റേഞ്ചിൽ വരുന്ന കല്ലംപുഴ-ഇരുമനത്തൂർ-ചുരുളി പ്രദേശത്തെ വന്യമൃഗശല്യം തടയുവാൻ വൈദ്യുതവേലി നിർമ്മാണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മാനന്തവാടി താലൂക്കിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും ഇതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനും സൗരോർജ്ജ കമ്പിവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ മുതലായവ നിർമ്മിച്ചു വരുന്നുണ്ട്. ട്രഞ്ച് നിർമ്മാണം അസാധ്യമായ സ്ഥലങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിരോധ ഭിത്തി നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം മൂലമുണ്ടാകുന്ന നാശനഷ്ടത്തിന് നിയമപ്രകാരമുള്ള നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്. 1996-97 മുതൽ 2008-09 വരെ 42 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങുകളും 1996-97 മുതൽ 2009-10 വരെ 55.80 കിലോമീറ്റർ സൗരോർജ്ജ കമ്പിവേലിയും ഈ മേഖല ഉൾപ്പെട്ടുവരുന്ന നോർത്ത് വയനാട് ഡിവിഷനിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇതേ വരെ ലഭിച്ച അപേക്ഷകളിൽ 74 ലക്ഷം രൂപ നഷ്ടപരിഹാരമായും നൽകിയിട്ടുണ്ട്. കൂടാതെ പേരിയ സി.ആർ.പി. കുന്നിൽ ആനത്താര പ്രദേശം സർക്കാർ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വന്യമൃഗശല്യത്തിനുള്ള രൂക്ഷതയനുസരിച്ചുള്ള മുൻഗണനാ ക്രമത്തിലാണ് ഓരോ ഡിവിഷനിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. കല്ലംപുഴ-ഇരുമനത്തൂർ-ചുരുളി പ്രദേശത്തെ വൈദ്യുതി വേലി നിർമ്മിക്കുന്നതിനുള്ള കാര്യം പരിഗണിക്കുന്നതാണ്.

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിൽ കാട്ടാനശല്യം

241(948) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിൽ കർണ്ണാടക ഫോറസ്റ്റ് അതിർത്തിയിലെ കാട്ടാനശല്യം തടയുന്നതിന് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽവച്ച് 3-8-2010-ന് പഞ്ചായത്തിലെ രാഷ്ട്രീയ സംഘടനാ പ്രതിനിധികളുടെയും കർഷക സംഘടനാ പ്രതിനിധികളുടെയും ത്രിതല പഞ്ചായത്ത് പ്രതിനിധികളുടേയും കർഷകരുടെയും ഒരു യോഗം നടക്കുകയുണ്ടായി. വന്യമൃഗശല്യം തടയുന്നതിനായി എം.പി. ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും എം.എൽ.എ. ഫണ്ടിൽ നിന്നും 3 ലക്ഷം രൂപയും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഇതിനു സമാനമായ തുകയും കണ്ടെത്തി, 15 കിലോമീറ്റർ വരുന്ന അന്തർ സംസ്ഥാന അതിർത്തിയിൽ വന്യജീവികളെ പ്രതിരോധിക്കാൻ വേണ്ട പ്രവർത്തനത്തിന് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly